**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 731** **26-07-2021 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവാങ്കുളം മുതൽ പേട്ട വരെയുള്ള ഗതാഗത കുരുക്കിന് പരിഹാരമായി 1989-ൽ പ്രഖ്യാപിച്ച തൃപ്പൂണിത്തുറ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തികൾ നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭൂമി ഏറ്റെടുക്കൽ നോട്ടിഫിക്കേഷന്റെ ഭാഗമായി മറ്റക്കുഴി ഭാഗത്ത് സർവ്വേക്കല്ലുകൾ സ്ഥാപിച്ചതിന് ശേഷം ബൈപ്പാസിനായുള്ള പ്രവൃത്തികൾ നിലച്ചതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | മധുര-കൊച്ചി ദേശീയപാതയിൽ തിരുവാംകുളം മറ്റകുഴിയിൽ നിന്നാരംഭിച്ച് തൃപ്പൂണിത്തറ മിനി ബൈപ്പാസ് ജംഗ്ഷനിൽ അവസാനിക്കുന്ന തൃപ്പൂണിത്തറ ബൈപ്പാസ് നിർമ്മാണത്തിനായി രണ്ട് ഘട്ടമായി ആകെ 34.0584 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ ഭാഗികമായി 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഒന്നാം ഘട്ടത്തിലെ ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 214.2 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്രഉപരിതലഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ മറുപടി ലഭ്യമായിട്ടില്ല. നിലവിൽ കേന്ദ്രസർക്കാരിന്റെ 12/05/2020 തീയതിയിലെ ഗസറ്റ് നോട്ടിഫിക്കേഷൻ SO 1506(E)&1507(E) പ്രകാരം NH 85 കൊച്ചി-മധുര റോഡ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് കൈമാറിയിട്ടുണ്ട്. നിർദ്ദിഷ്ട തൃപ്പൂണിത്തുറ ബൈപ്പാസ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ തയ്യാറാക്കുന്ന അലൈൻമെന്റിന്റെ ഭാഗമാക്കുന്നതിനു വേണ്ടി ബൈപ്പാസുമായി ബന്ധപ്പെട്ട രേഖകൾ കൈമാറിയിട്ടുണ്ട്. |
| (സി) | കുണ്ടന്നൂർ മുതൽ മറ്റക്കുഴി വരെ 8.23 കി.മീ. നീളമുള്ള പ്രസ്തുത ബൈപ്പാസ് യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | മധുര-കൊച്ചി ദേശീയപാതയിൽ തിരുവാംകുളം മറ്റകുഴിയിൽ നിന്നാരംഭിച്ച് തൃപ്പൂണിത്തറ മിനി ബൈപ്പാസ് ജംഗ്ഷനിൽ അവസാനിക്കുന്ന തൃപ്പൂണിത്തറ ബൈപ്പാസ് നിർമ്മാണത്തിനായി രണ്ട് ഘട്ടമായി ആകെ 34.0584 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ |

| | | | |
|---|---|---|---|
| | | | ഭാഗികമായി 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഒന്നാം ഘട്ടത്തിലെ ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 214.2 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്രഉപരിതലഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ മറുപടി ലഭ്യമായിട്ടില്ല. നിലവിൽ കേന്ദ്രസർക്കാരിന്റെ 12/05/2020 തീയതിയിലെ ഗസറ്റ് നോട്ടിഫിക്കേഷൻ SO 1506(E)&1507(E) പ്രകാരം NH 85 കൊച്ചി-മധുര റോഡ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് കൈമാറിയിട്ടുണ്ട്. നിർദ്ദിഷ്ട തൃപ്പൂണിത്തുറ ബൈപ്പാസ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ തയ്യാറാക്കുന്ന അലൈൻമെന്റിന്റെ ഭാഗമാക്കുന്നതിനു വേണ്ടി ബൈപ്പാസുമായി ബന്ധപ്പെട്ട രേഖകൾ കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ